

St. Joseph's High School Sakthikulangara
സ്പന്ദനം
LIGHT TO ENLIGHTEN
2018-19
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

# സന്ദേശം

ഈ ലോകത്തിൽ ജ്ഞാനത്തിനു തുല്യം പവിത്രമായി മറ്റൊന്നില്ല. ഈ പവിത്രതയാണ് വിദ്യാഭ്യാസത്തിലൂടെ ഗുരുനാഥൻ കുട്ടികൾക്ക് പകർന്നു നൽകുന്നത്.ഡിജിറ്റൽ സാങ്കേതികവിദ്യ ഇന്ന് അതിനൊപ്പം ഉയർന്നിരിക്കുന്നു .അതിന്റെ പ്രതിഫലനങ്ങളാണ് കൈറ്റ് കൂട്ടായ്മയുടെ ഭാഗമായ ലിറ്റിൽകൈറ്റ്സിൽ നാം കാണുന്നത്. ശക്തികുളങ്ങര സെന്റ് ജോസഫ്സ് ഹൈസ്കൂളിന് അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു .കുട്ടികളുടെ സർഗവാസനകളെ ക്രിയാത്മക മായ രീതിയിൽ സാങ്കേതിക വിദ്യയിലൂടെ ഉയരങ്ങളിലെത്തിക്കാൻ ഇ-മാഗസിൻ എന്ന പുതിയ സംരംഭത്തിലൂടെ സാധിക്കുന്നു.ഇതിനു വേണ്ടി പ്രയത്നിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കുംഅധ്യാപകർക്കും അഭിനന്ദനങ്ങൾ. നൂലഴിയാത്ത പട്ടങ്ങളെപ്പോലെ നമ്മുടെ കുട്ടികൾ പറന്നുയരട്ടെ എന്നാശംസിക്കുന്നു...............

ഒപ്പ്

മേരിക്കുട്ടി ടി എ (ഹെഡ്മിസ്ട്രസ്)



പിറന്നു വീഴുന്ന ഓരോ കുഞ്ഞിന്റെയും ഭാവി ഒരു പരിധിവരെ അവന് ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. വളർന്നു വരുന്ന തലമുറയുടെ പൂർണ്ണ വികാസത്തിനും അഭിരുചിക്കും ഇണങ്ങുന്ന പാഠ്യപദ്ധതിയാണ് നാം സ്വീകരിച്ചിരിക്കുന്നത്.പൊതു വിദ്യാലയങ്ങൾ ഭൂരിഭാഗവും ഹൈടെക് നിലവാരത്തിലേക്കുയർന്നു കഴിഞ്ഞു. വിവര വിനിമയ സാങ്കേതികവിദ്യയുടെ ഈ കുതിച്ചു ചാട്ടം കുട്ടികളിലും നമുക്കു ദർശിക്കാനാവും.


ഇന്ന് കുട്ടികളുടെ എഴുത്തും വായനയും വരയുമൊക്കെ ആകാശപ്പറവകളെ പോലെ ചിറകടിച്ചുയരുകയാണ്. അവരുടെ സർഗ്ഗ വാസനകൾ പ്രകടിപ്പിക്കാനുള്ള ഇടമാണല്ലോ സ്കൂൾ മാഗസിനുകൾ. ഇന്നത് ഡിജിറ്റൽ മാഗസിൻ ആയി മാറിക്കഴിഞ്ഞു. അതിനുള്ള നമ്മുടെ കൊച്ചു മിടുക്കരുടെ ശ്രമമാണ് 'സ്പന്ദന'ത്തിൽ തുടിക്കുന്നത്. അവരുടെ ഹൃദയത്തുടിപ്പുകൾക്കായ് നമുക്ക് കാതോർക്കാം.

എഡിറ്റർ.





# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# പ്രധാന താളുകളിലൂടെ


ബാല്യകാലം................................ : 6

മഴ........................................ : 7

വിദ്യാലയജീവിതം ........................ : 9

മരം........................................ : 11

തേങ്ങാസൂത്രം ............................ : 12

ഐ ടി ക്വിസ് ............................ : 13

സ്വപ്നം വേണം .......................... : 14

കുസൃതിചോദ്യങ്ങൾ ...................... : 16

കണക്കിലെ കളികൾ .................... : 17

ഓർമച്ചുവരുകൾ .......................... : 18

മണ്ണിനെ അറിഞ്ഞ് ........................ : 19

കുട്ടിവരകൾ ................................ : 20

നന്ദി ........................................ : 21

# ബാല്യകാലം

ഓർമ്മതൻ  പടിവാതിൽക്കൽ നിരഞ്ഞിടും,
എൻ ബാല്യകാലം എന്നും  വർണമായ്
സ്നേഹമായ് നന്മയായ്

നിറയുന്നു എന്നും, നൻനിറമായ്
പച്ചപ്പിൽ തീരങ്ങളിൽ ഓടിക്കളിച്ചിരുന്നകാലം
ഓർക്കുന്നു  ഞാൻ ഇന്നുമെൻ ബാല്യകാലം
മാതാവിൻ  സ്നേഹം സ്മരിച്ചു ഞാൻ
ഓർക്കുന്നു മാതൃത്വത്തിൻ സ്നേഹം
എൻ പിതാവിൻ നൽവാക്കുകളെ
എന്നെന്നും തിങ്ങിടും നിറവോടെ
നന്മയായ് നിറയുന്നു സ്നേഹമോടെ
വിദ്യതൻ പടിവാതിൽ എത്തിടുമ്പോൾ
നല്ല വാക്കുകളെ ഓതിത്തന്നിടുന്ന മാതൃത്വം
സ്നേഹത്തിൻ ചുടുമായ് നയിച്ചിരുന്നു
വിദ്യതൻ  പാതയിൽ നടന്നു നീങ്ങവെ
സൗഹൃദത്തിൽ കൈത്തിരി നാളമായ്
നിലയ്ക്കാത്ത നാദമായ് സ്നേഹമോടെ

ഗായത്രി യു
9 A






മണിക്കുട്ടി സ്കൂൾ ബസിൽ നിന്ന് തിടുക്കത്തിൽ ഇറങ്ങി. 'നല്ല മഴ' കുട നിവർത്താനൊന്നും തോന്നിയില്ല . എത്രയും വേഗം അമ്മയെട്രോഫി കാണിക്കണം . ഉമ്മറത്തുതന്നെ അമ്മ നിൽക്കുന്നു . മഴ നനഞ്ഞതിന് ഒരു ശകാരം പ്രതീക്ഷിച്ചു . പക്ഷേ, അമ്മ ചേർത്തു നിർത്തി തലതോർത്തിത്തന്നു . പുഞ്ചിരിക്കുന്ന മുഖമാണ് അമ്മയ്ക്ക്.

"അച്ഛനു വേറെ നല്ല ജോലി കിട്ടി.........." . തല തോർത്തുന്നതിനിടയിൽ അമ്മ പറഞ്ഞു മണിക്കുട്ടിയ്ക്ക് സന്തോഷം തോന്നി. “ദാ അമ്മേ.... എനിക്ക് ട്രോഫി കിട്ടി.....". മണിക്കുട്ടിയെ മാറോടുചേർത്ത് അമ്മ ഉമ്മവച്ചു.മണിക്കുട്ടിയ്ക്ക് അമ്മ ദോശയും ചായും കൊടുത്തത് അവൾ ഉമ്മറത്ത്ഇരുന്ന് കഴിച്ചു. മഴ കാണാൻ വേണ്ടിയാണ് അവൾ അവിടെ ഇരുന്നത്. "ഇന്ന് എന്താ മഴയ്ക്കിത്രസന്തോഷം” മണിക്കുട്ടി ഓർത്തു. "അച്ഛനു ജോലി കിട്ടിയതു കൊണ്ടും എനിക്ക് ട്രോഫി

കിട്ടിയതുകൊണ്ടുമാകുമോ മഴ ഇത്ര ഉറക്കെ ചിരിച്ചു പെയ്യുന്നത് . നിലത്തു ചാടുന്ന മഴ തുള്ളി നൃത്തംചെയ്യുകയാമണാ? "പെട്ടെന്നു മണിക്കുട്ടി ഒരു പഴയകാര്യം ഓർത്തുപോയി. അച്ഛനു ജോലി പോയ ദിവസം ഞാൻ മഴ നനഞ്ഞു വന്നപ്പോൾ തന്നെ അമ്മ എത്ര തല്ലി. അന്ന് ഈ ഉമ്മറത്തിരുന്ന് കരഞ്ഞു പെയ്തത്. ഈ മഴ അന്ന് ശരിക്കും കരയുകയായിരുന്നില്ലേ? മണിക്കുട്ടി അറിയാതെ ഉറക്കെ ചോദിച്ചു പോയി "അമ്മേ മഴയ്ക്കെങ്ങനാ കരയാനും ചിരിക്കാനും പറ്റണേ?" അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു . "അമ്മയും ഇതു തന്നെയാ ഓർത്തത്. നമ്മയുടെ മനസ്സിന് സന്തോഷം വരുമ്പോൾ മഴയെ സൂക്ഷിച്ചു നോക്കിയാൽ ചിരിച്ചു പെയ്യുന്നതായി തോന്നും.വിഷമം വരുമ്പാൾ മഴ കരഞ്ഞുപെയ്യുന്നതായും തോന്നും 'നല്ല മഴ', ' നശിച്ച മഴ' എന്നൊക്കെ പലരും പറയുന്നത് കേട്ടിട്ടില്ലേ . മഴ എന്നും ഒരുപോലെയാ നമ്മുടെ മനസ്സിനാണ് മാറ്റം." മണിക്കുട്ടി അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു "നമുക്ക് ഈ ചിരിക്കുന്ന മഴ മതി അമ്മേ എന്നും......."

***ലിജോമോൻ 9 A***



# വിദ്യാലയ ജീവിതം

*നമ്മുടെ ജീവിതത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നതാണ് വിദ്യാഭ്യാസം . അത് ജീവിതാന്ത്യം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയ യാണ് ." വിദ്യാലയങ്ങളിൽ നിന്നു പഠിക്കുന്നത് വിദ്യയല്ല , മറിച്ച് വിദ്യ ആർജിക്കുന്നതിനുള്ള രീതികളാണ്".എന്ന് ഒരു ചിന്തകൻ പറഞ്ഞത് അതുകൊണ്ടാണ്.*

*വിദ്യാഭ്യാസം രണ്ട് രീതിയിൽ നടക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും . ഇതിൽ സുപ്രധാനപങ്ക് വഹിക്കുന്നത് സ്കൂൾ ജീവിതമാണ്. നാം എത്ര ബിരുദങ്ങൾ നേടി ഉന്നതപദവിയിലെത്തിയാലും അക്ഷരം ചൊല്ലിപഠിച്ച വിദ്യാലയവും അവിടുത്തെകുസൃതികളും എന്നും നമ്മുടെ ഓർമ്മയിൽ തങ്ങിനിൽക്കും .*

*നമ്മുടെ സർഗ്ഗാത്മകവികസനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി അവസരങ്ങൾ വിദ്യാലയങ്ങളിലുണ്ട് യുവജനോത്സവം, സ്പോട്സ് , വാർഷികാഘോഷങ്ങൾ എന്നിവ അവയിൽ ചിലതു മാത്രം . ഇവയൊക്കെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. അവസരങ്ങൾ എപ്പോഴും നമ്മുക്ക് മുന്നിൽ വരില്ല നഷ്ടപ്പെട്ടുപോയ നിമിഷങ്ങളെ ഓർത്ത് പിന്നീട് ദുഃഖിക്കേണ്ടി വരും .*

## സ്പന്ദനം




***നമ്മുടെ വിദ്യാലയങ്ങളിൽ ഇന്ന്കണ്ടുവരുന്ന ഒരു പ്രധാന പ്രശ്നമാണ് അനുസരണയില്ലായിമ , അസഭ്യം പറച്ചിൽ,അധ്യാപകരോടുള്ള അനാദരവ് തുടങ്ങിയവ. മാതാപിതാഗുരുദൈവം എന്ന് പഠിപ്പിക്കുന്ന അധ്യാപകരെ നാം വേദനിപ്പിക്കരുത്. അവരുടെ അധ്യാപനത്തിനായി കാതോർത്തു കൊണ്ട് നാം മുന്നേറണം. വർഷങ്ങൾ പലതു കഴിഞ്ഞാലും ഗുരുനാഥ രുടെ മനസ്സിൽ നമ്മുടെ പേരുകൾ ഉണ്ടായിരിക്കണം. കൂട്ടുകാരേ , വിദ്യാലയ ജീവിതം ജീവിതത്തിന്റെ സുവർണ്ണകാലമാണ് . അത് വിസ്മൃതി യിലാണ്ടുപോവാതെ നമുക്ക് കാത്തുസൂക്ഷിക്കാം .***

സൂരജ് എസ്


***9 C***

# മരം



പടർന്നുവിലസും തരു  ഒരു വരം
തരു നൽകും തണൽ ഒരു വരം
ശാഖി നൽകും ശാഖകൾ ഒരു ബലം
വടവൃക്ഷം തൻ  ചുവട് ഒരു ഗൃഹം
ശാഖിയ്ക്കെടുത്തു വിലസും ശാഖതൻ
ചാഞ്ചാട്ടം ഒരു തെന്നൽ  തരും

ആ തെന്നലിൻ സൗഹൃദം പങ്കുവെയ്ക്കും
മാനവന് ഒരാശ്വാസം  ഈ മരം
എത്ര നാൾ ഈ ആശ്വസിക്കാൻ
വൻമരങ്ങൾ തൻ കടപുഴകൽ
എങ്ങും എവിടെയും കേൾക്കുന്നു.



തരുക്കളേ  നിങ്ങൾ അതോർത്തു
ദുഃഖിക്കുന്നുവോ
മരങ്ങളേ  നിങ്ങൾതൻ  വേരുകൾ
ബലമുള്ളൊരു  പാദകളാകട്ടെ
ആ പാദങ്ങൾ  പാദവത്തെ താങ്ങീടട്ടെ

സാനിയ ജെ
**9 A**

# തേങ്ങാസൂത്രം



പണ്ട് പണ്ട് ഒരു കാട്ടിൽ മിന്നൻ എന്നു പേരുള്ള ഒരു മുയൽ ഉണ്ടായിരുന്നു.ഒരു ദിവസം നദിക്കരയിൽ ഇരുന്ന് പുല്ല് തിന്നുകയായിരുന്നു മിന്നൻ മുയൽ. ഗർർ....അനങ്ങിപോകരുത്.അലർച്ച കേട്ട് തലയുയർത്തി നോക്കി. മുന്നിൽ ഉഗ്രൻ കരടി. ഹമ്മോ.. എന്റെ കഥ കഴിഞ്ഞതു തന്നെ. ഇവൻെറ കയ്യിൽ നിന്ന് എങ്ങനെ രക്ഷപ്പെടും. മിന്നൻ പേടിച്ച് വിറച്ചു. അവൻ മുകളിലേക്കു നോക്കി. മുകളിൽ പങ്കൻകുരങ്ങനിരുപ്പുണ്ട്. കരടിയുടെ മുന്നിൽപ്പെട്ട മിന്നനെ പങ്കൻകുരങ്ങൻ കണ്ടു. കരടിയുടെ കൈയ്യിൽ നിന്നും പാവം മുയലിനെ രക്ഷിക്കണം.കുരങ്ങൻ വിചാരിച്ചു.





നീ പേടിക്കേണ്ടടാ മിന്നാ. ഉങ്കൻകരടിക്ക് നിന്നെ പിടിക്കാനുള്ള ധൈര്യമൊന്നുമില്ല. ഉണ്ടെങ്കിൽ അവൻ ആദ്യംതെങ്ങ്കുലുക്കി എന്നെ പിടിക്കട്ടെ.പങ്കൻതെങ്ങിലിരുന്ന് വിളിച്ചുപറഞ്ഞു. കരടിക്ക് വാശിയായി.ഹും! ഈ കുരങ്ങനെ ഒരു പാഠം പഠിപ്പിക്കണം. അവൻ ഓടിച്ചെന്ന് തെങ്ങ് കുലുക്കാൻതുടങ്ങി. പങ്കൻ മുറുകെപിടിച്ചിരുന്നു. കരടിക്കു ദേഷ്യം സഹിക്കാതായി. അവൻ വീണ്ടും ശക്തിയോടെ തെങ്ങ്കുലുക്കി. കർർർപ്ധും. പെട്ടെന്നു തെങ്ങിൽ നിന്നും ഒരു കുല തേങ്ങ അടർന്നു. അതു കരടിയുടെ തലയിൽ വീണുചിതറി.ഹയ്യോ, രക്ഷിക്കണേ എന്നു കരഞ്ഞു കൊണ്ട് കരടി ഓട്ടമായി.



മിന്നൻ മുയലും പങ്കൻ കുരങ്ങനും അതുകണ്ട്കൈകൊട്ടിച്ചിരിച്ചു.


സോന സെബാസ്റ്റ്യൻ 9 A

# ഐ ടി ക്വിസ്

1. വീഡിയോ ഗെയിമുകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?
2. ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ രൂപകല്പന ചെയ്തത് ആരാണ്?
3. പ്രശസ്ത സോഷ്യൽ നെറ്റ് വർക്ക് സൈറ്റ് ആയ ഫേസ്ബുക്കിന്റെ സ്ഥാപകനാര്?
4. www ന്റെ പൂർണ്ണരൂപം ?
5. 'കമ്പ്യൂട്ടറിന്റെ എൻജിൻ ' എന്നറിയപ്പെടുന്ന ഭാഗം ?

## ഉത്തരങ്ങൾ

1. നോലൻ ബുഷ്നെൽ
2. സെമൂർ ക്രേ
3. മാർക്ക് സുക്കർ ബർഗ്
4. world wide web
5. പ്രോസസ്സർ




അഖിൽ നന്ദൻ
9 B

# സ്വപ്നം വേണം



നമ്മുടെ ആത്മാവിൽ ഒളിപ്പിച്ചുവെച്ച പ്രതീക്ഷയുടെ നാമ്പുകളാണ് സ്വപ്നങ്ങൾ.സ്വപ്നങ്ങളില്ലാത്ത ജീവിതം ശൂന്യമാണ്. മഹാത്മാരായ എല്ലാ മനുഷ്യരും സ്വപ്നജീവികളാണ്. സ്വപ്നമില്ലാത്ത മനുഷ്യൻ മൃഗത്തിനു തുല്യമാണ്.സ്വപ്നങ്ങളില്ലാത്ത ജീവിതം ചിറകറ്റ പക്ഷിയെപ്പോലെയാണ്.

മഹത്തായ സ്വപ്നങ്ങളുള്ള വ്യക്തി ഭൂമിയിലെ ഏറ്റവും സമ്പന്നനേക്കാൾ ശക്തനാണ്. നേട്ടങ്ങൾക്കു മുമ്പ് തന്റെ ജീവിതലക്ഷ്യത്തെക്കുറിച്ച് സ്വപ്നം കാണാത്ത ഒരു ജേതാവും ഉണ്ടാവുകയില്ല . താൻ വിജയിക്കും എന്ന സ്വപ്നമാണ് അവനെ കർമോന്മുഖനാക്കുന്നത്.

വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ജീവിതത്തിൽ എന്തെങ്കിലും ഒരു സ്വപ്നത്തെ താലോലിക്കണം . അതിനെ തീവ്രമായ ഒരു അഭിലാഷമായി വളർത്തി ആ ലക്ഷ്യം

***കൈവരിക്കാൻ കഠിനമായി തുടക്കത്തിലേ പ്രയത്നിക്കണം. മുൻ രാഷ്ട്രപതിയും ശാസ്ത്രലോകത്തെ അഭൗമപ്രതിഭയുമായ അബ്ദുൽ കലാമിന്റെ വാക്കുകളിൽ , നാം ഓരോരുത്തരും പിറന്നത് ദൈവം പകർന്നുതന്ന ദിവ്യമായ അഗ്നിച്ചിറകുമായാണ് . ഉള്ളിലെ ഈ അഗ്നിച്ചിറകുകൾ നൽകി ലോകം മുഴുവൻ നന്മയുടെ പ്രകാശം നിറയ്ക്കാനാവട്ടെ നമ്മുടെ പ്രയത്നങ്ങൾ . അദ്ദേഹം പറയുന്നു .***

***''ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം , ഉറങ്ങാൻ അനുവദിക്കാത്തതാണ്.''***

***അതേ , നമ്മുടെ സ്വപ്നങ്ങളും നമ്മെ ഉറങ്ങാൻ അനുവദിക്കാതെ അതിനെ സാഫല്യത്തിൽ എത്തിക്കാൻ നമുക്ക് ഉണർന്ന് പ്രയത്നിക്കാം .***

***ജീവൻ റ്റി***
***9 C***



# കുസൃതി ചോദ്യങ്ങൾ



1. ലോകത്തിലെ ഏറ്റവും വലിയ ഗ്രഹം ?
2 . കണ്ണുള്ള അക്ഷരം ഏതാണ്?
3. ഒരാൾ ഒരു ബക്കറ്റിൽ വെള്ളം നിറച്ചു. വല്ലാത്ത ഭാരം അയാൾ അതിൽ എന്തോ ഇട്ടു. ബക്കറ്റിൽ ഭാരം കുറഞ്ഞു. അയാൾ എന്താണ് ഇട്ടത്?
4. വലിക്കുന്തോറും നീളം കുറയുന്നതെന്തിന്?
5. ആർക്കും വേണ്ടാത്ത സുഖം ?
6. തല കുത്തി നിന്നാൽ വലുതാകുന്നതാര്?

## ഉത്തരങ്ങൾ

1 - ആഗ്രഹം
2 - I (eye)
3 - അയാൾ ബക്കറ്റിൽ ദ്വാരമിട്ടു
4 - സിഗററ്റ്
5 - അസുഖം
6 - 6

സ്നേഹ ഷാജി 9 A

# കണക്കിലെ കളികൾ

1. 1 എന്ന സംഖ്യ 4 തവണ മാത്രം ഉപയോഗിച്ച് ഉണ്ടാക്കുവാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യ ഏത് ?

2. 0 മുതൽ 99 വരെയുള്ള സംഖ്യകൾ കണക്കിലെടുത്താൽ ഏറ്റവും കുറച്ചു തവണ ആവർത്തിക്കുന്ന അക്കമേത് ?

3. 5 അക്കമുള്ള ഏറ്റവും ചെറിയ സംഖ്യയും 4 അക്കമുള്ള ഏറ്റവും വലിയ സംഖ്യയും തമ്മിലുള്ളവ്യത്യാസമെന്ത് ?

4. ഒരു അച്ഛന് ഇപ്പോൾ അയാളുടെ മകന്റെ 4 ഇരട്ടിവയസ്സുണ്ട്. ഇനി 5 വർഷം കൂടി കഴിഞ്ഞാൽ അച്ഛന് മകന്റെ 3 ഇരട്ടി വയസ്സാകും. എങ്കിൽ മകന്റെ ഇപ്പോഴത്തെ വയസ്സെത്ര ?

5. എല്ലാ അക്കങ്ങളും തുല്യമായ ഒരു മൂന്നക്കസംഖ്യയെ അക്കങ്ങളുടെ തുക കൊണ്ട് ഹരിച്ചാലുള്ള ഹരണ ഫലമെന്താണ് ?

**ഉത്തരങ്ങൾ**

* 11
* 0
* 1
* 10
* 37.ഉദ. 333 തുക =3+3+3=9




പ്രിയൻ പി
*9 C*

# ഓർമച്ചുവരുകൾ...



41072 St Joseph's Sakthikulangara
Little Kites ഏകദിന ക്യാമ്പ്



നൂറ്റാണ്ടിലെ ഏറ്റവും
ദൈർഘ്യമേറിയ
ചന്ദ്രഗ്രഹണം.......
പ്രത്യേക 2 മണിക്കൂർ ക്ലാസ്സ്....
**St Joseph's HS sakthikulangara**



അക്കാദമിക മികവ്

St Joseph's HS
Sakthikulangara



2017-18 academic year
100%വിജയം
കൊല്ലം രൂപതയുടെഅംഗീകാരം



31/07/2018

കേരളകൗമുദിയുടെ എൻ്റെ കൗമുദി പദ്ധതി
ഉദ്ഘാടനം.........        SJHS



SJHS

ചാന്ദ്ര ദിനം


SJHS Sakthikulangara
Open auditorium inauguration
07/01/2019


ആദ്യ വിളവെടുപ്പ്


SJHS
ലഹരി വിരുദ്ധ ദിനം


പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ
അവർക്കായുള്ള ദിനാഘോഷം കേക്ക് മുറിച്ചു
ആരംഭിക്കുന്നു..................


41072 SJHS Sakthikulangara
സ്വാതന്ത്ര്യദിനാഘോഷം 2018


മലയാളത്തിളക്കം 2018-19
St Joseph's HS Sakthikulangara

# മണ്ണിനെ അറിഞ്ഞ്......















# നന്ദി ....

ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ കൈറ്റ് മിസ്ട്രസ്മാരായ ശ്രീമതി കലാജോർജ്ജിനും, ശ്രീമതി മേഴ്സി ജെയിംസിനും നന്ദിയുടെ നിറപുഞ്ചിരി സമ്മാനിക്കുന്നു.

എഡിറ്റർ




LITTLE KITEs